(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതുതായി ആരംഭിച്ച ഒൻപത് വ്യവസായ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒൻപത് സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായി ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതലക്ഷ്യം പ്രാപ്തമാക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാ യൂണിറ്റുകളിൽ 6 സ്ഥാപനങ്ങളിലാണ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചത്. പ്രസ്തുത സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കണ്ണൂർ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ, കാസറഗോഡ് ഉദുമ ടെക്സ്റ്റൈയിൽ മിൽ എന്നീ മൂന്നു സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി തുടങ്ങുന്നതിനാവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി, വൈദ്യുതി കണക്ഷന്റെ ലഭ്യത മുതലായവയിലെ സാങ്കേതികതകൾ, പൂർണ്ണതോതിൽ ഉൽപ്പാദനപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ചില യന്ത്രസാമഗ്രികളുടെ അപര്യാപ്തത എന്നിവയാണ് പ്രധാനമായും ഈ മൂന്നു പദ്ധതികളിലും വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതിനുണ്ടായ കാലതാമസം. ഈ മൂന്നു യൂണിറ്റുകളിലേയ്ക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമന പ്രക്രിയയുടെ നിയമസാധുത ചോദ്യം ചെയ്തു കൊണ്ട് സമർപ്പിച്ച കേസുകളും ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി&സി) പ്രസ്തുത സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായും സ്ഥാപിത ലക്ഷ്യം പ്രാപ്തമാക്കുന്നതിനുംവേണ്ടി സ്വീകരിച്ചുവരുന്ന തുടർ നടപടികൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

എനർജി ഇന്നവേഷൻ സോൺ

22 (*652) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) ഊർജ്ജ കമ്മി പരിഹരിക്കുന്നതിനുള്ള പ്രായോഗിക പരിഹാര പ്രവർത്തനങ്ങൾക്കു വേണ്ടി രൂപീകരിച്ച എനർജി ഇന്നൊവേഷൻ സോൺ എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി നൽകിയ സഹായ ധനത്തിന്റെ വിശദവിവരം നൽകാമോ ;

(സി) ഇതുമൂലം ഉണ്ടായ നേട്ടം വിശദമാക്കുമോ ?

ഊർജ്ജ വകപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) :

(എ) എനർജി ഓപ്പൺ ഇന്നവേഷൻ സോൺ വൈദ്യുതിയുടെ ഉത്പാദന വിതരണ പ്രസരണ മേഖലകളിൽ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പര്യാപ്തമായ നൂതന ആശയങ്ങൾ ലഭ്യമാക്കുന്നവർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്ന പ്രവർത്തനമാണ് നടത്തുന്നത്.

കളമശ്ശേരിയിലുള്ള സ്റ്റാർട്ട് അപ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോണിൽ 2500 ചതുരശ്ര അടി വിസ്തൃതിയുള്ള സ്ഥലവും യുവഗവേഷകർക്കും സംരംഭകർക്കും വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ആശയരൂപീകരണം നടത്താനുള്ള സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എനർജി ഓപ്പൺ ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കും നവീന ആശയങ്ങളുള്ള യുവസംരംഭകർക്കുള്ള ധനസഹായവുമായി 95,80,220 രൂപ (തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എൺപതിനായിരത്തി ഇരുനൂറ്റി ഇരുപത് രൂപ) 24-7-2015 വരെ നൽകി.

(സി) വൈദ്യുതി മേഖലയിൽ നവീന ആശയങ്ങളും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നവീന ആശയങ്ങളുള്ള ആറ് പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുകയും ഒൻപത് പദ്ധതികൾ സാമ്പത്തിക സഹായത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എനർജി ഓപ്പൺ ഇന്നവേഷൻ സോൺവഴി തെരഞ്ഞെടുക്കപ്പെട്ട ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള സാങ്കേതിക/സാമ്പത്തിക സഹായമാണ് നൽകി വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട പരീക്ഷണങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. പൂർത്തിയാകുന്ന മുറയ്ക്ക് ഇതിൽ നിന്നുള്ള നേട്ടം വിലയിരുത്താനാവും.

LIBRARY ARCHIVES Kerala Legislative Assembly